രക്ഷയുടെ പാതയിൽ-8



8

# സഭ ദൈവത്തിന്റെ ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം


1. സഭ :ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം
2. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിത ജനം
7. സഭ : പങ്കുവയ്ക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

പാഠം 14

# സഭ : സാർവത്രികമാണ്



- സ്വർഗരാജ്യം ഒരുവൻ വയലിൽ പാകിയ കടുകുമണിക്കു സദൃശ്യം. അത് എല്ലാ വിത്തിനെയുംകാൾ ചെറുതാണ്. എന്നാൽ, വളർന്നുകഴിയുമ്പോൾ അതു മറ്റു ചെടികളെക്കാൾ വലുതായി, ആകാശപ്പറവകൾ വന്ന് അതിന്റെ ശിഖരങ്ങിൽ ചേക്കേറാൻ തക്കവിധം മരമായിത്തീരുന്നു.



1. എല്ലായിടത്തും സന്നിഹിതയായിരിക്കുന്ന സഭ
2. എല്ലാ ജനങ്ങളേയും ഉൾക്കൊള്ളുന്ന സഭ
3. എല്ലാ സംസ്കരങ്ങളേയും ഉൾക്കൊള്ളുന്ന സഭ
4. വ്യത്യസ്ത പാരമ്പര്യങ്ങളും  സാർവത്രികതയും
5. സാർവത്രിക സൂനഹദോസുകൾ

# എല്ലായിടത്തും സന്നിഹിതയായിരിക്കുന്ന സഭ

- സഭയുടെ സാർവത്രികതയുടെ അടിസ്ഥാനം ലോകത്തിൽ എല്ലായിടത്തും സന്നിഹിതയായിക്കൊണ്ട് അവൾ എല്ലാവർക്കും രക്ഷയുടെ മാർഗ്ഗമായിത്തീരുന്നു എന്നതിലാണ്.



# എല്ലാ ജനങ്ങളേയും ഉൾക്കൊള്ളുന്ന സഭ

- ജനതകളുടെ പിതാവായി അബ്രാഹത്തെ ദൈവം വിളിച്ചത് മനുഷ്യവർഗത്തെ മുഴുവൻ മുൻപിൽ കണ്ടു കൊണ്ടാണ്.
- അബ്രാഹത്തിന്റെ വിളിയിലൂടെ ദൈവം ഇസ്രായേൽ ജനതയെ രൂപീകരിച്ചു.
- ഈ തെരഞ്ഞെടുപ്പിന്റെയും രൂപീകരണത്തിന്റെയും ലക്ഷ്യം മനുഷ്യവർഗത്തിന്റെ മുഴുവൻ രക്ഷയായിരുന്നു.
- സർവജനപദങ്ങൾക്കും വേണ്ടിയുള്ള സദ്വാർത്തയായും ലോകം മുഴുവന്റെയും രക്ഷകനായിട്ടുമാണ് ഈശോ പിറന്നത്.

## എല്ലാ സംസ്കാരങ്ങളേയും ഉൾക്കൊള്ളുന്ന സഭ

- ലോകത്തെ മുഴുവൻ രക്ഷയിലേയ്ക്കാനയിക്കാൻ നിയുക്ത യാണു സഭ.
- ജാതി മത വർഗ വർണ ഭേദം കൂടാതെ എല്ലാവരിലേക്കും കടന്നുചെല്ലാനും എല്ലാവരെയും രക്ഷയിലേക്ക് ആനയി ക്കാനും എല്ലാ സംസ്കരങ്ങളെയും ഉൾക്കൊള്ളാനും വിശുദ്ധീകരിക്കാനും അവൾ കടപ്പെട്ടിരിക്കുന്നു.
- സഭ സാർവത്രികമാണ്. കാരണം ആചാരങ്ങളിലും രീതികളിലും അനേകം വൈവിധ്യങ്ങളുള്ളവരും പലഭാഷകൾ ഉപയോഗി ക്കുന്നവരുമായ അനേകം ജനസമൂഹങ്ങളെ അവൾ ഏകമായ രക്ഷയുടെ വിശ്വാസത്തിലേയ്ക്കും ദൈവത്തെക്കുറിച്ചുള്ള അറിവിലേയ്ക്കും ഒരുമിച്ചുകൂട്ടി ഒന്നാക്കിത്തീർക്കുന്നു.

## വ്യത്യസ്ത പാരമ്പര്യങ്ങളും  സാർവത്രികതയും

- സഭയിൽ പൗരസ്ത്യപാരമ്പര്യവുമുണ്ട് ലത്തീൻ പാരമ്പ്യവുമുണ്ട്.
- സഭയുടെ കാതോലികത്വത്തിന്റെ പൂർണമായ പ്രകാശനം ഒരു പാരമ്പര്യത്തിൽക്കൂടെ മാത്രമല്ല.

# സാർവത്രിക സൂനഹദോസുകൾ

- സഭയുടെ ഐക്യവും സാർവത്രികതയും പ്രകടമാകുന്ന സർവ പ്രധാനമായ വേദികളാണ് സാർവത്രിക സൂനഹദോസുകൾ.
- സഭയുടെ വിശ്വാസരഹസ്യങ്ങളെ വിശ്വാസികൾക്ക് ശരിയായ രീതിയിൽ വ്യാഖ്യാനിച്ചു കൊടുക്കുന്നതിനും സഭാനവീകരണം സാധിക്കുന്നതിനും അതാതു കാലങ്ങളിൽ സഭയിലുണ്ടാകുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനുമാണ് സാർവത്രിക സൂനഹദോസുകൾ കൂടുന്നത്.
- സകലജനപദങ്ങൾക്കും വേണ്ടിയുള്ള രക്ഷയുടെ അടയാളമാണ് സഭ

# ദൈവവചനം വായിക്കാം ധ്യാനിക്കാം

(അപ്പ 4:32-5:11)



## ഓർമ്മിക്കാൻ ഒരു തിരുവചനം

**പാപമോചനത്തിനുള്ള അനുതാപം അവന്റെ നാമത്തിൽ ജറുസലേമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേിയിരിക്കുന്നു.**

(ലൂക്കാ 24:47)

# നമുക്കു പ്രാർത്ഥിക്കാം

**ജനപദങ്ങളുടെ കർത്താവും സകലത്തിന്റെയും നാഥനുമായ മിശിഹായേ, സമസ്ത ലോകത്തേയും അങ്ങയുടെ സുവിശേഷദീപ്തിയാൽ പ്രകാശിപ്പിക്കണമേ.**

# എന്റെ തീരുമാനം

**എല്ലാ ജനപദങ്ങളേയും സുവിശേഷം അറിയിച്ച ശ്ലീഹന്മാരെപ്പോലെ ഞാനും എന്റെ ജീവിതസാഹചര്യങ്ങളിൽ ഈശോയുടെ സുവിശേഷം അറിയിക്കും**

Thank you